# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2501 — 17/08/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉണ്ണി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ. ആതുരാലയങ്ങളുടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് മുൻഗണന നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, അനുവദിച്ച തസ്തികകളിൽ ജീവനക്കാരെ ലഭ്യമാക്കുക, ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികളും സ്പെഷ്യൽ റിപ്പയറും നടത്തുക, മരുന്നിന്റെ ലഭ്യത ഉറപ്പാക്കുകയും ലഭ്യമല്ലാത്ത മരുന്നുകൾക്കുള്ള റീഇംബേഴ്സ്മെന്റ് താമസംവിനാ ഐ.പി.കൾക്ക് നൽകുക, എമർജൻസി, സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകൾ കൃത്യമായി മേലോഫീസിൽ എത്തിക്കുക.<br>സ്പെഷ്യാലിറ്റി സർവീസിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുകയും ചെയ്യുക. സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. സർവീസ് തുടങ്ങുക ഉച്ചക്കുശേഷം ലാബ് സർവീസ് ഔട്ട്സോഴ്സ് ചെയ്യുക, എക്സ്-റേ യൂണിറ്റ് കമ്പ്യൂട്ടറൈസ് ചെയ്യുക, ആശുപത്രികളിൽ ഒ.പി. ചികിത്സയ്ക്ക് എത്തുന്നവർക്കു വേണ്ടി ഫാർമസി ഔട്ട് ലെറ്റ് വഴി മരുന്ന് വിതരണം ചെയ്യുക തുടങ്ങിയവയ്ക്കാണ് മുൻഗണന നൽകുന്നത്. |
| (ബി) | നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സാ സൗകര്യം | (ബി) | സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും |

| | | | |
|---|---|---|---|
| | ലഭ്യമാവുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതാണ്. ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രതിമാസവേതന പരിധി 21,000/- രൂപയാണ്.<br>1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ<br>2. ഹോട്ടൽ/റസ്റ്റോറന്റ്<br>3. സിനിമ തീയറ്ററുകൾ<br>4. റോഡ് ഗതാഗത സ്ഥാപനങ്ങൾ<br>5. പത്ര മാധ്യമ സ്ഥാപനങ്ങൾ<br>6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ<br>8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭ്യമാണ്. |
| (സി) | പാലക്കാട് ജില്ലയിൽ എത്ര ഇ.എസ്.ഐ. ആശുപത്രികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (സി) | ഒന്ന്, പാലക്കാട് താലൂക്കിൽ ജൈനമേട്ടിൽ സ്ഥിതിചെയ്യുന്നു |
| (ഡി) | കൂടുതൽ പേർക്ക് ചികിത്സ ലഭ്യമാവുന്ന തരത്തിൽ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?; | (ഡി) | ആശുപത്രി ക്യാച്മെന്റ് ഏരിയായിലെ ഐ.പി സ്ട്രെങ്ത്, ആശുപത്രിയിലെ ഒ.പി/ ഐ.പി.സ്റ്റാറ്റസ് എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നുണ്ട്. സാങ്ഷൻട് പോസ്റ്റിൽ അല്ലാതെയുള്ള സ്പെഷ്യാലിസ്റ്റുകൾക്കും അവരുടെ മേഖലയിൽ പ്രവർത്തിക്കുവാനുള്ള സൗകര്യം ചെയ്യുന്നു.<br>കൂടാതെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ഉപകരണങ്ങൾ വാങ്ങുവാനുമുള്ള അനുമതി കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ